സെക്രട്ടേറിയറ്റിൽ തീർപ്പാകാതെ അവശേഷിക്കുന്ന ഫയലുകൾ

7(1244) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച എത്ര ഫയലുകൾ തീർപ്പാകാതെ സെക്രട്ടേറിയറ്റിൽ അവശേഷിക്കുന്നുണ്ട്; അതിനു മുമ്പുള്ള എത്ര ഫയലുകളിൽ തീർപ്പാകാനുണ്ട്; വർഷം തിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) ഫയലുകളിൽ അന്തിമ തീരുമാനമെടുത്ത് തീർപ്പാക്കാൻ എന്തെങ്കിലും പ്രത്യേക നടപടികൾ എപ്പോഴെങ്കിലും സ്വീകരിച്ചിരുന്നോ; എങ്കിൽ വിശദവിവരം നൽകാമോ ;

(സി) മുഖ്യമന്ത്രിയുടെ പരാതി പരിഹാര സംവിധാനം വഴി എത്ര അപേക്ഷകൾ ഇതേവരെ ലഭിച്ചിട്ടുണ്ട് ; അവയിൽ എത്രയെണ്ണത്തിൽ അന്തിമ തീരുമാനമെടുത്ത് പരാതിക്കാരന് മറുപടി നൽകിയിട്ടുണ്ട് ;

(ഡി) ഫയൽ തീർപ്പുവാരം നടക്കുമ്പോൾ അന്തിമ തീരുമാനമെടുക്കാത്ത ഫയലുകൾ മറ്റെന്തെങ്കിലും കാരണം രേഖപ്പെടുത്തി അവസാനിപ്പിക്കുന്ന വിവരം അറിവുണ്ടോ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഫയലുകൾ അത്തരത്തിൽ തീർപ്പാക്കിയിട്ടുണ്ട്;

(ഇ) സാധാരണക്കാരന്റെ പരാതി സംബന്ധിച്ച ഫയലുകളിൽ തീരുമാനം നീണ്ടുപോകുന്നത് തടയാൻ സ്വീകരിച്ച പ്രത്യേക നടപടിയെന്തെങ്കിലുമുണ്ടോ; വിശദമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

ഡ്രൈവർ തസ്തികയിലെ ഒഴിവുകൾ

8(1245) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളിലായി നിലവിൽ എത്ര ഡ്രൈവർമാരുടെ ഒഴിവുകളുണ്ട് ; ഹെവി വെഹിക്കിൾ, ലൈറ്റ് വെഹിക്കിൾ ഇവ ഇനം തിരിച്ച്, ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ എത്രയെണ്ണം ഏതെല്ലാം ഡിപ്പാർട്ടുമെന്റുകളിൽ എന്ന് വ്യക്തമാക്കുമോ ;

(സി) ദിവസവേതനത്തിൽ എത്ര ഡ്രൈവർമാർ ഏതൊക്കെ വകുപ്പുകളിൽ ജോലി ചെയ്യുന്നു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly